പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2514

18/02/2016-ലെ
മറുപടിയ്ക്ക്

## എസ്.സി.പി.ഫണ്ടിന്റെ വിനിയോഗം

| ചോദ്യം<br>ശ്രീ.എ.കെ.ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ പട്ടികജാതി വകുപ്പുവഴി ത്രിതല പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുള്ള എസ്.സി.പി.ഫണ്ടിന്റെ വിനിയോഗം എത്ര ശതമാനം വീതമായിരുന്നു; ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തു തുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു; | (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന് 2011-12-ൽ 647.42 കോടി രൂപയും 2012-13ൽ 739.46 കോടി രൂപയും 2013-14ൽ 828.2 കോടി രൂപയും 2014-15ൽ 927.58 കോടി രൂപയും 2015-16ൽ 927.58 കോടി രൂപയും ഗ്രാന്റ്-ഇൻ-എയ്ഡായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം എസ്.സി.പി.ഫണ്ടു പൂർണ്ണമായും ചെലവഴിക്കുന്നത് സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പിൽ നിന്നും പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. |
| (സി) | ചെലവഴിക്കാത്ത ഫണ്ട് അടുത്ത വർഷത്തെ ബജറ്റിൽ വകയിരുത്താൻ നേരത്തേ ഉണ്ടായിരുന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നിർദ്ദേശമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |

Sali K.J

സെക്ഷൻ ഓഫീസർ